# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5688 29.07.2015-ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## സദാചാര ഗുണ്ടാ ആക്രമണങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.പി.ടി.എ. റഹീം | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സദാചാര സംരക്ഷണത്തിനെന്ന പേരിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെ അതിക്രമങ്ങൾ ഉണ്ടാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഈ സർക്കാരിന്റെ കാലത്ത് സദാചാര സംരക്ഷണത്തിനെന്ന പേരിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെ ഒറ്റപ്പെട്ട അതിക്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് 3 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) സദാചാര ഗുണ്ടാ ആക്രമണങ്ങൾ വർദ്ധിക്കുമ്പോൾ പോലീസ് നിഷ്ക്രിയമാകുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ; | (ബി) പോലീസ് നിഷ്ക്രിയമായിരിക്കുന്നില്ല. സംസ്ഥാനത്തെ ക്രമസമാധാനനില ഭദ്രമാക്കുന്നതിനായി പോലീസ് നിരന്തരം മൊബൈൽ പട്രോളിംഗും രഹസ്യ നിരീക്ഷണങ്ങളും കുറ്റക്കാർക്കെതിരെയുള്ള ശക്തമായ നിയമ നടപടികളും സ്വീകരിച്ച് വരുന്നുണ്ട്. |
| (സി) സദാചാര ഗുണ്ടാ ആക്രമണങ്ങൾ പലതും പോലീസ് രേഖപ്പെടുത്തുകയോ കേസാക്കുകയോ ചെയ്യുന്നില്ലെന്നത് അറിവുള്ളതാണോ; പോലീസിന്റെ ശ്രദ്ധയിൽപ്പെടുന്ന കേസുകളിലധികവും ഒത്തുതീർപ്പിനപ്പുറം ശക്തമായ നടപടി ഉണ്ടാകാത്തതാണ് അക്രമികൾക്ക് ധൈര്യം പകരുന്നത് എന്നുള്ള പരാതികളിന്മേൽ നിലപാട് വ്യക്തമാക്കാമോ; | (സി) സദാചാര ഗുണ്ടാ ആക്രമണങ്ങൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടില്ല. സദാചാരത്തിന്റെ പേരുപറഞ്ഞ് നിരപരാധികൾ അതിക്രമങ്ങൾക്ക് വിധേയരാകുന്ന സംഭവങ്ങൾക്കെതിരെ പോലീസ് കർശന നിയമ നടപടികൾ സ്വീകരിക്കുകയാണ് ചെയ്യുന്നത്. ഇക്കാര്യത്തിൽ അതീവ ജാഗ്രത പുലർത്തുന്നതിനായി കർശന നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കൊടുങ്ങല്ലൂരിൽ സദാചാര ഗുണ്ടകൾ റോഡിൽ തടഞ്ഞ് നിർത്തി ചോദ്യം ചെയ്തതിൽ മനംനൊന്ത് പ്ലസ് വൺ വിദ്യാർത്ഥിനി തീകൊളുത്തി മരിച്ച സംഭവത്തിൽ പോലീസ് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ; | (ഡി) | കൊടുങ്ങല്ലൂരിൽ പ്ലസ് വൺ വിദ്യാർത്ഥിനി തീകൊളുത്തി മരിച്ച സംഭവത്തെ സംബന്ധിച്ച കൊടുങ്ങല്ലൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 635/2015 u/s 174 CrPC പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. ഇത് സംബന്ധിച്ച് അന്വേഷണം പൂർത്തിയായാൽ മാത്രമേ കൂടുതൽ വിവരങ്ങൾ വെളിവാവുകയുള്ളൂ. |
| (ഇ) | ചാവക്കാട് സദാചാര ഗുണ്ടകൾ സവാഹീർ എന്ന യുവാവിനെ മർദ്ദിച്ച് കൊലപ്പെടുത്തിയ കേസിലെ എല്ലാ പ്രതികളെയും അറസ്റ്റു ചെയ്തിട്ടുണ്ടോ; | (ഇ) | ചാവക്കാട് സവാഹിർ എന്ന യുവാവിനെ മർദ്ദിച്ച് കൊലപ്പെടുത്തിയ കേസിലെ എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (എഫ്) | ഇത്തരത്തിൽ എത്ര കേസുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്; എങ്കിൽ കണക്കുകളോടുകൂടി വിശദാംശം ലഭ്യമാക്കുമോ? | (എഫ്) | സദാചാര ഗുണ്ടാ ആക്രമണമെന്ന് പറയപ്പെടുന്ന തരത്തിലുള്ള 6 കേസുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു; |

| ക്രമ നമ്പർ | പോലീസ് സ്റ്റേഷൻ | ക്രൈം നമ്പർ | വകുപ്പ് |
|---|---|---|---|
| 1 | മ്യൂസിയം | 862/15 | 111, 447, 506(1), 499, 354(A) & 34 IPC |
| 2 | തൃക്കാക്കര | 1100/11 | 341, 294(b), 323, 354 & 34 IPC |
| 3 | തൃശ്ശൂർ ഈസ്റ്റ് | 527/15 | 294(b), 506(1) IPC |
| 4 | ചെറുപ്പുളശ്ശേരി | 185/15 | 143, 147, 148, 302 r/w 149 IPC |
| 5 | പരപ്പനങ്ങാടി | 183/13 | 143, 147, 323, 354 r/w 149 IPC |
| 6 | മുക്കം | 401/11 | 143, 147, 148, 302 r/w 149 IPC |

സെക്ഷൻ ഓഫീസർ